**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **11-10-2024 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കാൻ സർക്കാർ സ്ലോട്ട് ഏർപ്പെടുത്തിയത് മൂലം, വാഹന ഉടമകൾക്ക് അവരുടേതല്ലാത്ത കുറ്റത്താൽ ഉണ്ടാകുന്ന കാലതാമസത്തിന് ഏർപ്പെടുത്തിയിട്ടുള്ള പിഴ തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | തിരക്ക് കൂടാതെ വാഹനങ്ങൾക്ക് ഫിറ്റ്നസ് പരിശോധന നടത്തുന്നതിന് വേണ്ടിയാണ് മുൻകൂട്ടി സ്ലോട്ട് ബുക്ക് ചെയ്ത് വാഹന പരിശോധന നടത്തുവാനുള്ള സംവിധാനം മോട്ടോർ വാഹന നിയമപ്രകാരം ഏർപ്പെടുത്തിയിട്ടുള്ളത്. വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുൻപ് തന്നെ ഫിറ്റ്നസ് ടെസ്റ്റ് പരിശോധന നടത്താൻ അനുമതി ഉള്ളതാണ്. ഈ അവസരം ഉപയോഗപ്പെടുത്താത്തതിനാലാണ് ചില ഉടമകൾക്ക് മാത്രം സ്ലോട്ട് ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നത്. |
| (ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള 'സ്ലോട്ട്' സംവിധാനത്തിനു പകരം മറ്റെന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഇക്കാര്യം പരിഗണനയിലുണ്ട് |
| (സി) | ആർ.സി., ലൈസൻസ് എന്നിവ പുതുക്കുന്നതിന് അപേക്ഷ നൽകിയാൽ അവ ലഭിക്കുന്നതിന് മാസങ്ങളോളം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷ നൽകിയാൽ ഏഴ് ദിവസത്തിനുള്ളിൽ ആർ.സി.യും, ലൈസൻസും, മറ്റ് സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ജൂലൈ 15 വരെ ഇഷ്യൂ ചെയ്ത ആർ.സി ബുക്കുകളും ആഗസ്റ്റ് 26 വരെ ഇഷ്യൂ ചെയ്ത ലൈസൻസുകളും പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. എത്രയും വേഗം പെൻഡിംഗ് തീർക്കാൻ പ്രിന്റ് ചെയ്ത് നൽകുന്ന ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല പൊതുജനങ്ങൾക്ക് രേഖകൾ നേരിട്ട് പ്രിന്റ് എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ